**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2213** **11.03.2020-ൽ മറുപടിക്ക്**

**കുന്നത്ത്നാട് നിയോജകമണ്ഡലത്തിൽ വൈദ്യുത മേഖലയിൽ ചെലവഴിച്ചിട്ടുള്ള തുക**

| | ചോദ്യം<br><br>ശ്രീ. വി.പി.സജീന്ദ്രൻ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്ത്നാട് നിയോജക മണ്ഡലത്തിൽ വൈദ്യുത മേഖലയിൽ ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ മേഖലയിൽ 1505.189 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>കുന്നത്തുനാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മഴവന്നൂർ 33 കെ.വി സബ്സ്റ്റേഷനിൽ 41 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പ്രസരണ മേഖലയിൽ നടപ്പാക്കി. |
| (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ താഴെ പറയും പ്രകാരം ആകെ 56 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള പുത്തൻകുരിശ് സെക്ഷനു കീഴിൽ 4, കോലഞ്ചേരി സെക്ഷനുകീഴിൽ 2, തിരുവാണിയൂർ സെക്ഷനുകീഴിൽ 4, പെരുമ്പാവൂർ സർക്കിളിനു കീഴിലുള്ള പട്ടിമറ്റം സെക്ഷനിൽ 19, കിഴക്കമ്പലം സെക്ഷനിൽ 6, വാഴക്കുളം സെക്ഷനിൽ 20, വളയൻചിറങ്ങര സെക്ഷനിൽ 1 എന്ന കണക്കിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ